"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- ആറളം ഡിവിഷനിലെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. പ്രദീപ്.വി യ്ക്ക് ഹോസ്പിറ്റൽ ലീവ് അനുവദിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.148/2024/F&WLD തീയതി,തിരുവനന്തപുരം, 18-03-2024.

പരാമർശം:- ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 27.09.2023 ലെ ഇ8-5558/2023 നമ്പർ കത്ത്.

**ഉത്തരവ്**

ആറളം ഡിവിഷനിലെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. പ്രദീപ്.വി. യ്ക്ക് അനുവദിച്ചിരുന്ന ആർജ്ജിതാവധി റദ്ദ് ചെയ്ത ശേഷം, ടിയാന് 04.07.2021 മുതൽ 03.07.2023 വരെ ഹോസ്പിറ്റൽ ലീവ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശ കത്ത് പ്രകാരം ശിപാർശ ലഭ്യമാക്കിയിരുന്നു.

2. ആർജ്ജിതാവധി മറ്റിനം അവധിയാക്കാൻ ചട്ട പ്രകാരം വ്യവസ്ഥയില്ല. ശ്രീ. പ്രദീപ്.വി യുടെ അടിസ്ഥാന ശമ്പളം, ഹോസ്പിറ്റൽ ലീവ് അനുവദിക്കുന്നതിന് കെ.എസ്.ആർ ഭാഗം I ചട്ടം 103 (b) പ്രകാരം വ്യവസ്ഥ ചെയ്ത ശമ്പള പരിധിയിൽ കൂടുതൽ ആണ്. ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായുള്ള വനപരിശോധന നടത്തി വരവേ 21.06.2021 ന് ഭൂതംകല്ല് വെള്ളച്ചാട്ടം മുറിച്ച് കടക്കുമ്പോൾ പാറയിൽ തലയിടിച്ചു വീണ് ടിയാന് അപകടത്തെ തുടർന്നുണ്ടായ സ്ട്രോക്ക് മൂലം ഒരു ഭാഗം തളർന്ന് ടിയാൻ ഇപ്പോഴും സംസാരശേഷിയില്ലാതെ കിടപ്പിലാണ്. ടിയാന് അപകടം സംഭവിച്ചത് ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിലാണെന്ന് അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. കൂടാതെ മസ്തിഷ്കാഘാതം കാരണം 04.07.2021 മുതൽ 2 വർഷത്തേയ്ക്ക് ടിയാന് ജോലി ചെയ്യാൻ സാധിക്കില്ലെന്ന മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഔദ്യോഗിക

കൃത്യ നിർവഹണത്തിനിടയിലുണ്ടായ അപകടത്തെ തുടർന്ന് സ്ട്രോക്ക് മൂലം ഒരു ഭാഗം തളർന്ന് ടിയാൻ ഇപ്പോഴും സംസാരശേഷിയില്ലാതെ കിടപ്പിലാണ് എന്ന വസ്തുത കണക്കിലെടുത്തു കൊണ്ട്, മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച്, ശ്രീ. പ്രദീപ് വി.യ്ക്ക് **KSR** ഭാഗം **1**, ചട്ടം **76, 89 (i)** എന്നിവക്ക് താഴെയുള്ള ഒന്നാം പ്രൊവിസോ, കെ.എസ്.ആർ ഭാഗം **I** ചട്ടം **103 (b)** എന്നീ ചട്ടങ്ങളിൽ ഇളവ് വരുത്തി, **04.07.2021** മുതൽ **30.11.2021** വരെ **150** ദിവസം ആർജ്ജിതാവധി അനുവദിച്ച ഉത്തരവ് റദ്ദ് ചെയ്തു, **04.07.2021** മുതൽ **03.07.2023** വരെ ഹോസ്പിറ്റൽ ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (സേവനപുസ്തകം സഹിതം).
ശ്രീ. പ്രദീപ്.വി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.(**12.03.2024** ലെ **2577197**/അഗ്രി-എ**1/259/2023**-ധന പ്രകാരം).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad S
Date: 18-03-2024 14:39:15
സെക്ഷൻ ഓഫീസർ